LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം, സംരംഭകത്വം എന്നീ മേഖലകളിലെ മികച്ച പ്രവർത്തനം നടത്തിയ വ്യക്തികൾക്ക് സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം 2020-21 സാമ്പത്തികവർഷം അവാർഡിനർഹരായ വ്യക്തികൾക്ക് 50,000 രൂപയും പ്രശസ്തിപത്രവും മൊമെന്റോയും നൽകുകയുണ്ടായി. സാമൂഹ്യ പ്രവർത്തനം, സന്നദ്ധ സേവന രംഗത്ത് തൽപ്പരരായിട്ടുള്ള 1,15,000-ഓളം യുവജനങ്ങൾ ഓൺലൈനായി കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന തരത്തിൽ വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽനിന്നും ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 18-നും 25-നും മദ്ധ്യേ പ്രായമുള്ള 3000 യുവതീയുവാക്കൾക്ക് ദേവികുളം അഡ്വഞ്ചർ അക്കാഡമിയിൽവച്ച് ദുരന്തനിവാരണ മേഖലയിൽ വിദഗ്ധ പരിശീലനം നൽകുകയുണ്ടായി. 2020 ആഗസ്റ്റ് 6-ന് മൂന്നാർ പെട്ടിമുടിയിലുണ്ടായ ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ രക്ഷിക്കുന്നതിനും മരിച്ചവരുടെ മൃതദേഹങ്ങൾ കണ്ടെത്തുന്നതിനുമായി പരിശീലനം ലഭിച്ച കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾ, വിവിധ യൂത്ത് ക്ലബ്ബ് അംഗങ്ങൾ, യുവാക്ലബ്ബ് അംഗങ്ങൾ, യൂത്ത് കോ-ഓർഡിനേറ്റർമാർ എന്നിവർ 21 ദിവസത്തോളം പ്രവർത്തിച്ചു.

(ബി) പുതുതായി ഇത്തരത്തിൽ എന്തെങ്കിലും സംരംഭങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

സ്റ്റേഡിയങ്ങൾക്ക് ഫണ്ട്

303 (4009) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്റ്റേഡിയങ്ങൾക്ക് 2016-21 കാലത്ത് യുവജനക്ഷേമ വകുപ്പിൽനിന്നും ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ബി) ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കുമോ?

സ്റ്റേഡിയങ്ങൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത് സംബന്ധിച്ച പദ്ധതികളൊന്നും യുവജനക്ഷേമവകുപ്പിൽ നിലവിലില്ല.

യുവജനകാര്യ വകുപ്പിലെ പദ്ധതികൾ

304 (4010) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യുവജനകാര്യ വകുപ്പിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡിട്യൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജനസെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ്ഫെസ്റ്റ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, വനിതാ കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധനകലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവത്കരണ പരിപാടി, മത്സരപരീക്ഷാ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാമാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജന ദിനാചരണം, സാഹിത്യ ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത്

LIBRARY ARCHIVES Kerala Legislative Assembly